# കേരള കാർഷിക സർവ്വകലാശാല
## കൃഷി വിജ്ഞാന കേന്ദ്രം, കോട്ടയം
കുമരകം പി. ഒ., കോട്ടയം – 686566
E-mail: kvkkottayam@kau.in, kvkkottayam@yahoo.com
Ph. 6238092782


നം. കെ.വി.കെ./813/2025 തീയതി:30.05.2025

## ടെണ്ടർ നോട്ടീസ്

കുമരകം കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും പീരുമേട്, കട്ടപ്പന അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചറിനു കീഴിലുള്ള കൃഷി ഭവനുകളിലേയ്ക്ക് ബയോ ഇൻപുട്ട്സ് വിതരണം ചെയ്യുന്നതിന് EICHER (6 ടൺ) വാഹനങ്ങൾ വാടകയ്ക്ക് നൽകുവാൻ താൽപര്യമുള്ള വ്യക്തികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ടെൻഡറുകൾ ക്ഷണിച്ചു കൊള്ളുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ടെൻഡർ നമ്പർ | കെ.വി.കെ./813/2025 |
| ടെൻഡറുകൾ ലഭിക്കേണ്ട അവസാന തീയതിയും സമയവും | 13.06.2025 |
| ടെൻഡറുകൾ തുറക്കുന്ന തീയതിയും സമയവും | 13.06.2025 ഉച്ചകഴിഞ്ഞ് 3.30 ന് |
| നിരതദ്രവ്യം | 1,500/- |
| ടെൻഡർ വില | രേഖപ്പെടുത്തിയ മൊത്തം തുകയുടെ 0.2% (100ന്റെ അടുത്ത ഗുണിതത്തിലേയ്ക്ക് റൗണ്ട് ചെയ്തത്)+GST 18%. (കുറഞ്ഞത് 400/- രൂപ കൂടിയത് 1,500/- രൂപ) |
| ടെൻഡർ കാലാവധി | 1 വർഷം |
| ടെൻഡർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും | പ്രോഗ്രാം കോർഡിനേറ്റർ, കൃഷി വിജ്ഞാന കേന്ദ്രം കോട്ടയം |
| പുറത്തെഴുത്ത്: ഗുഡ്സ് വാഹനങ്ങൾ (6 ടൺ) വിഭാഗങ്ങളിൽ ഉള്ള ഭാരവാഹനങ്ങൾ (ഡ്രൈവർ ഉൾപ്പെടെ) വാടകയ്ക്ക് നൽകുന്നതിനുള്ള ടെൻഡർ. | |

### നിബന്ധനകൾ

1. കെ.എ.യു. വെബ്സൈറ്റിൽ (WWW.kau.in/tenders) നിന്നും എടുത്ത ടെൻഡർ ഫോമിൽ ടെൻഡറുകൾ സമർപ്പിച്ചിരിക്കണം. ടെൻഡർ അടങ്ങുന്ന സീൽ ചെയ്ത കവറിനു പുറത്ത് 'ഗുഡ്സ് വാഹനങ്ങൾ (6 ടൺ) വിഭാഗങ്ങളിൽ ഉള്ള ഭാരവാഹനങ്ങൾ (ഡ്രൈവർ ഉൾപ്പെടെ) വാടകയ്ക്ക് നൽകുന്നതിനുള്ള ടെൻഡർ' എന്ന് രേഖപ്പെടുത്തിയിരിക്കണം.
2. വാഹനം ഉപയോഗിച്ച് ഫാമിന് പുറത്തുള്ള ഓട്ടത്തിന് ഒരു കിലോമീറ്ററിനുള്ള വാടകയും ശേഷിക്കുന്ന ദൂരത്തിന് ഒരു കിലോമീറ്ററിന് വേണ്ടി വരുന്ന കൂലിയുമാണ് ടെൻഡറിൽ കാണിക്കേണ്ടത്. ഇതിൽ ഡ്രൈവറുടെ കൂലി, ഇന്ധനം, റിപ്പയർ, ടാക്സ് മുതലായവ ടെൻഡർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം വഹിക്കേണ്ടതാണ്.
3. വാഹനം സമഗ്രമായി ഇൻഷുറൻസ് ചെയ്തിട്ടുള്ളതും ട്രാൻസ്പോർട്ട് അതോറിറ്റിയിൽ നിന്നും പെർമിറ്റ് ക്ലിയറൻസ് എടുത്തിട്ടുള്ളതും കൂടാതെ മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം. ടി രേഖകളുടെ എല്ലാ പകർപ്പുകളും ടെൻഡറിനോടൊപ്പം സമർപ്പിച്ചിരിക്കണം.
4. വാഹനം ഓടിക്കുവാൻ ഏർപ്പെടുത്തുന്ന ഡ്രൈവറുടെ ലൈസൻസ്, തിരിച്ചറിയൽ രേഖകൾ എന്നിവയുടെ പകർപ്പുകൾ ബന്ധപ്പെട്ട ചാർജ്ജുള്ള ഉദ്യോഗസ്ഥരെ കരാറുകാരൻ അറിയിക്കേണ്ടതാണ്.
5. ടെൻഡറിനോടൊപ്പം ടെൻഡർ കോസ്റ്റ്, ജി.എസ്.ടി., നിരതദ്രവ്യം എന്നിവയ്ക്ക് പ്രോഗ്രാം കോർഡിനേറ്റർ, കൃഷി വിജ്ഞാന കേന്ദ്രം കോട്ടയം, കുമരകം എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ കുമരകം

ശാഖയിൽ മാറാവുന്ന മൂന്ന് വ്യത്യസ്ത ഡിമാൻഡ് ഡ്രാഫ്റ്റുകൾ അടച്ച് ടെൻഡറിൽ പങ്കെടുക്കേണ്ടതാണ്. നിർദ്ദിഷ്ട സമയത്തിനു ശേഷം ലഭിക്കുന്നതും അപൂർണ്ണവുമായ ടെൻഡറുകളും സ്വീകരിക്കുന്നതല്ല.

6. ടെൻഡർ മേൽ സൂചിപ്പിച്ച വിലാസത്തിൽ നിശ്ചിത തീയതിയ്ക്കും, സമയത്തിനും മുൻപായി അയക്കേണ്ടതോ, നേരിട്ട് ഓഫീസിൽ എത്തിക്കേണ്ടതോ ആണ്.
7. ടെൻഡറിനോടൊപ്പം 200/- (ഇരുനൂറ് രൂപ മാത്രം) വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കിയ സമ്മതപത്രം ഉണ്ടായിരിക്കണം. ഇതിന്റെ മാതൃകയും മുകളിലെ വെബ് സൈറ്റിൽ നിന്ന് ഡൌൺലോഡ് ചെയ്യാവുന്നതാണ്.
8. ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ടെൻഡറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
9. നിശ്ചിത തീയതി/സമയത്തിനു മുൻപായി കിട്ടിയ ടെൻഡറുകൾ അന്നേദിവസം 11.30 മണിക്ക് തന്നെ ഹാജരുള്ള ദർഘാസുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് സ്വീകാര്യമാണെന്ന് തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും. ആവശ്യമെങ്കിൽ സന്നിഹിതരായവരുടെ സാന്നിധ്യത്തിൽ ലേലവും നടത്തുന്നതാണ്.
10. നിരതദ്രവ്യവും ടെൻഡർ ഫീസും, സമ്മതപത്രവും ഇല്ലാത്ത ടെൻഡറുകൾ സ്വീകരിക്കുന്നതല്ല.
11. ടെൻഡറിൽ വിജയിക്കുന്ന കരാറുകാരൻ 200/- രൂപ (ഇരുനൂറു രൂപ മാത്രം) വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ സമ്മതപത്രം തയ്യാറാക്കി സ്ഥാപന മേധാവിയുമായി ഒരു അന്തിമ കരാറിൽ ഒപ്പ് വയ്ക്കേണ്ടതാണ്.
12. ഇപ്രകാരം ടെൻഡർ ഏറ്റെടുക്കുന്ന ആൾ ടെൻഡർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് (ക്യാഷ്/ടേം ഡെപ്പോസിറ്റ്/ബാങ്ക് ഗ്യാരണ്ടി/ഡിമാന്റ് ഡ്രാഫ്റ്റ്) അടയ്ക്കേണ്ടതാണ്.
13. വിജയിയായ ടെൻഡറുകാരൻ ഫാമിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് ഹ്രസ്വദൂരയാത്രയെന്നോ, ദീർഘദൂരയാത്രയെന്നോ വ്യത്യാസമില്ലാതെ ഉദ്യോഗസ്ഥർ നിഷ്കർഷിക്കുന്ന സമയത്ത് വാഹനം ഏർപ്പെടുത്താൻ ബാധ്യസ്ഥനാണ്.
14. ടെൻഡറിൽ വിജയിക്കുന്ന കരാറുകാരൻ ഒരേ സമയം ഒന്നിൽ കൂടുതൽ വാഹനങ്ങൾ ആവശ്യമെങ്കിൽ ലഭ്യമാക്കേണ്ടതാണ്.
15. ജോലിക്ക് നിയമിക്കപ്പെടുന്ന വാഹനത്തിന്റെയും, തൊഴിലാളികളുടെയും നിയമപ്രകാരമുള്ള പരിരക്ഷ, അവകാശങ്ങൾ, മറ്റ് വ്യവസ്ഥകൾ മുതലായവ പാലിക്കാനുള്ള പൂർണ്ണ ഉത്തരവാദിത്തം കരാറുകാരന്റേത് മാത്രമായിരിക്കും. ജോലിയ്ക്കിടയിൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കും അപകടങ്ങൾക്കും കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി. ഈ സ്ഥാപനത്തിന് യാതൊരുവിധ ബാധ്യതയും മേൽപറഞ്ഞ വിഷയത്തിൽ ഉണ്ടായിരിക്കുന്നതല്ല.
16. ടെൻഡറുകൾ സ്വീകരിക്കുന്നതിനോ, മാറ്റി വയ്ക്കുന്നതിനോ കാരണം കാണിക്കാതെ നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.
17. നിലവിലുള്ള സർക്കാർ വ്യവസ്ഥകൾക്ക് അനുസരിച്ച് ആവശ്യമെങ്കിൽ ആദായനികുതി പിടിക്കുന്നതായിരിക്കും.
18. ടെൻഡർ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം, അതേസമയം ടെൻഡർ സ്വീകരിക്കുന്നതും തുറന്ന പരിശോധിക്കുന്നതുമാണ്.
19. സർക്കാർ ടെൻഡറുകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും.
20. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി സമയത്ത് ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. (മൊബൈൽ - 6238092782).

Jyalekshmi

പ്രോഗ്രാം കോർഡിനേറ്റർ

പകർപ്പ്: കെ.എ.യു. വെബ്സൈറ്റ്
നോട്ടീസ് ബോർഡ്, കോട്ടയം കൃഷി വിജ്ഞാന കേന്ദ്രം
നോട്ടീസ് ബോർഡ്, ആർ.എ.ആർ.എസ്. കുമരകം
നോട്ടീസ് ബോർഡ്, പഞ്ചായത്ത് ഓഫീസ്, കുമരകം.

KERALA AGRICULTURAL UNIVERSITY
K.V.K KOTTAYAM